REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 29-08-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിലെത്തും.
- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ ഉസ്ബെക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്ക് സന്ദർശനത്തിന് ഇന്ന് തുടക്കം.
- നേപ്പാളിലെ ശക്തമായ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 579 ആയി.
- തൃശൂരിൽ ഓണാഘോഷത്തിന്റെ ഭാഗമായ പുലിക്കളി ഇന്ന്.
- ഏഷ്യകപ്പ് വനിതാ ട്വന്റി -20 ക്രിക്കറ്റ് മത്സരങ്ങൾക്ക് ദുബായിൽ തുടക്കമായി.

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിലെത്തും. രാവിലെ 7.45 ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തുന്ന ഉപരാഷ്ട്രപതി, ആലപ്പുഴയിലേക്ക് പോകും. ലിയോ XIII ഹയർ സെക്കൻഡറി സ്കൂളിൽ കേരള കൗമുദിയുടെ 115-ാം വാർഷികാഘോഷത്തിൽ അദ്ദേഹം പങ്കെടുക്കും. തുടർന്ന് പത്തനംതിട്ടയിലേക്ക് പോകുന്ന ഉപരാഷ്ട്രപതി ആറന്മുള ജലോത്സവം ഉദ്ഘാടനം ചെയ്യും. പിന്നീട് സംസ്ഥാന ഗവണ്മെന്റിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിക്കുന്ന ഓണം പേജൻട്രി തിരുവനന്തപുരത്ത് ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

മറ്റന്നാൾ ലക്ഷദ്വീപിലെ അഗത്തിയിൽ  കേന്ദ്ര മത്സ്യബന്ധന, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ഔട്ട്‌റീച്ച് പരിപാടിയിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയാകും.

തുടർന്ന് കേരളത്തിൽ തിരിച്ചെത്തുന്ന അദ്ദേഹം വൈകിട്ട്  കൊച്ചി കാക്കനാട്ടെ രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി രജതജൂബിലി ആഘോഷങ്ങളിലും, കോൺഫ്ലുവൻസ് 3.0 വ്യവസായ-അക്കാദമിക് ഉച്ചകോടിയിലും പങ്കെടുക്കും. തുടർന്ന് ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

സാമ്പത്തിക പുരോഗതി വേഗത്തിലാക്കാനും സാങ്കേതികമായി കരുത്തുറ്റ രാഷ്ട്രമായി ഉയരാനും ഇന്ത്യയ്ക്ക് നിർമിത ബുദ്ധി വലിയ അവസരമാണ് നൽകുന്നതെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പറഞ്ഞു. ന്യൂഡൽഹിയിൽ 'ജ്ഞാനി അർത്ഥ' AI മോഡലും 'ഏജന്റിക് AI' പ്ലാറ്റ്‌ഫോമും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.നിർമിത ബുദ്ധി എല്ലാവർക്കും ലഭ്യവും താങ്ങാനാവുന്നതുമാക്കി സമൂഹത്തിന് മൊത്തത്തിൽ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലാണ്  രാജ്യം ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും ഉപരാഷ്ട്രപതി പറഞ്ഞു .സാങ്കേതിക മേഖലയിൽ രാജ്യം വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നും ഈ മാറ്റത്തിന്റെ വേഗം ഗണ്യമായി വർധിച്ചിട്ടുണ്ടെന്നും സി.പി.രാധാകൃഷ്ണൻ വ്യക്തമാക്കി

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ  ഉസ്ബെക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്ക് സന്ദർശനത്തിന് ഇന്ന് തുടക്കമാകും.  സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ, ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷവ്കത് മിർസിയോയേവിന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി താഷ്കെന്റിലെത്തും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഉസ്ബെക്കിസ്ഥാ നിലേക്കുള്ള നാലാമത്തെ സന്ദർശനമാണിത്. ഇന്ത്യയും ഉസ്ബെക്കിസ്ഥാനും തമ്മിലെ  തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പ്രസിഡന്റ് മിർസിയോയേവുമായി പ്രതിനിധിതല ചർച്ചകൾ നടത്തുമെന്ന്

പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. വ്യാപാരം, നിക്ഷേപം, പ്രതിരോധം, ഡിജിറ്റൽ കണക്റ്റിവിറ്റി, ഊർജ്ജം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ സഹകരണം അവലോകനം ചെയ്യുന്ന നേതാക്കൾ ഭാവിയിലെ കർമ്മപദ്ധതികൾക്ക് രൂപം നൽകും. വികസിത് ഭാരത് 2047', 'ഉസ്ബെക്കിസ്ഥാൻ-2030' എന്നീ വികസന കാഴ്ചപ്പാടുകൾ സംബന്ധിച്ച ആശയങ്ങളും അവർ പങ്കുവെക്കും. ഇരുരാജ്യങ്ങളും തമ്മിൽ തന്ത്രപരവും വാണിജ്യപരവുമായ പങ്കാളിത്തം ദൃഢമാക്കുന്നതിന് സന്ദർശനം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ, മറ്റന്നാൾ കിർഗിസ് റിപ്പബ്ലിക്കിലെത്തുന്ന പ്രധാനമന്ത്രി, ബിഷ്കെക്കിൽ 26-ാമത് ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയിൽ പങ്കെടുക്കും. ഉച്ചകോടിയെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി, സുരക്ഷ, കണക്റ്റിവിറ്റി, അവസരങ്ങൾ എന്നീ മേഖലകളിൽ ഇന്ത്യയുടെ മുൻഗണനകൾ വ്യക്തമാക്കും. ഉച്ചകോടിക്കിടയിൽ SCO നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും. മധ്യേഷ്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം ആഘോഷിക്കുന്ന ആറാമത് 'വേൾഡ് നോമാഡ് ഗെയിംസി'ന്റെ ഉദ്ഘാടന ചടങ്ങിലും നരേന്ദ്ര മോദി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് നാളെ. രാവിലെ 11-ന് ആകാശവാണിയുടെ എല്ലാ നിലയങ്ങളും, ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 137-ാം പതിപ്പാണിത്.

✪✪✪

രാജ്യത്ത് പഞ്ചസാര ക്ഷാമമില്ലെന്നും, ന്യായമായ വിലയിൽ പഞ്ചസാര ലഭ്യമാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ പഞ്ചസാരയുടെ മൊത്തവിലയിൽ 20 ശതമാനം കുറവുണ്ടായതായും, ചില്ലറ വിപണിയിലെ വില കുറഞ്ഞു തുടങ്ങിയതായും ഉപഭോക്തൃകാര്യ മന്ത്രാലയം വ്യക്തമാക്കി. പഞ്ചസാരയുടെ മതിയായ ലഭ്യത ഉറപ്പാക്കുന്നതിനും ആഭ്യന്തര വിപണിയിൽ കൃത്രിമമായ ക്ഷാമം സൃഷ്ടിക്കുന്നത് തടയുന്നതിനും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

UGC-NET പരീക്ഷ ഫലം നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രഖ്യാപിച്ചു. 84 വിഷയങ്ങളുടെ ഫലമാണ് പ്രഖ്യാപിച്ചത്. 4,000-ത്തിലധികം ഉദ്യോഗാർത്ഥികൾ ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് യോഗ്യത നേടി. പരീക്ഷ നടന്ന് രണ്ടു മാസത്തിന് ശേഷമാണ് NTA പരീക്ഷാ ഫലവും, ഉത്തര സൂചികയും പുറത്തുവിട്ടത്.

✪✪✪

നേപ്പാളിലും ടിബറ്റിലുമുണ്ടായ ശക്തമായ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 579 ആയി. 1,924 പേരെ ഇനിയും കണ്ടെത്താനുണ്ട്. തിരച്ചിൽ തുടരുകയാണ്. പരിക്കേറ്റ 101 പേർ ആശുപത്രികളിൽ ചികിത്സയിലാണ്.

മിന്നൽ പ്രളയം ബാധിച്ച നേപ്പാളിന് ഇന്ത്യ മാനുഷിക സഹായം വർദ്ധിപ്പിച്ചു. പത്ത് ടൺ സഹായസാമഗ്രികളുമായി മൂന്നാമത്തെ വിമാനം ഇന്നലെ വൈകിട്ട് കാഠ്മണ്ഡുവിലേക്ക് പുറപ്പെട്ടു. പോർട്ടബിൾ ജനറേറ്ററുകൾ, ഡിഗ്നിറ്റി കിറ്റുകൾ, ഭക്ഷണപ്പൊതികൾ, വെള്ളം ശുദ്ധീകരിക്കുന്നതിന് ഗുളികകൾ എന്നിവ സഹായത്തിൽ ഉൾപ്പെടുന്നതായി വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ സാമൂഹിക മാധ്യമത്തിൽ അറിയിച്ചു.

ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ടണൽ രക്ഷാപ്രവർത്തക സംഘം എന്നിവരും വിമാനത്തിലുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. നേപ്പാളിൽ തുടരുന്ന ദുരിതാശ്വാസ-രക്ഷാപ്രവർത്തനങ്ങൾക്ക് ഇന്ത്യയുടെ പൂർണ്ണ പിന്തുണയുണ്ടാകുമെന്നും ജയശങ്കർ അറിയിച്ചു.

അതിനിടെ തെക്കുപടിഞ്ഞാറൻ ചൈനയിൽ 5.1 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായതിനെത്തുടർന്ന്, ടിബറ്റിൽ വെള്ളപ്പൊക്കമുണ്ടാകുമെന്ന ആശങ്കയിൽ 800-ലധികം ആളുകളെ അധികൃതർ മാറ്റിത്താമസിപ്പിച്ചു.

✪✪✪

നേപ്പാൾ പ്രളയത്തിൽപ്പെട്ട പൊന്നാനി സ്വദേശികളെ ബന്ധപ്പെടാനാകാതെ കുടുംബാംഗങ്ങൾ. പൊന്നാനി തൃക്കാവ് സ്വദേശികളും ഓസ്ട്രേലിയൻ പൗരന്മാരുമായ ഈശ്വർ നിവാസിൽ ശ്രീധരൻ അയ്യർ, ഭാര്യ ലക്ഷ്മി, മക്കളായ ഋഷബ്, രുദ്ര എന്നിവരെയാണ് കാണാതായത്. ഈ മാസം 23-നാണ് കൈലാസ തീർഥയാത്രയ്ക്കായി കുടുംബം നേപ്പാളിലേക്ക് പുറപ്പെട്ടത്. മാനസരോവറിലെ ഹോട്ടലിലായിരുന്നു താമസം. പ്രളയബാധിത മേഖലയിൽ നിന്ന് 15 കിലോമീറ്റർ അകലെയാണ് ഈ പ്രദേശം. പ്രളയമുണ്ടായ റസുവ എന്ന സ്ഥലത്തുവച്ചാണ് നാലംഗ സംഘം അവസാനമായി കുടുംബവുമായി ബന്ധപ്പെട്ടത്. ഇവരെ കണ്ടെത്താൻ ബന്ധുക്കൾ നേപ്പാളിലേക്ക് തിരിച്ചിട്ടുണ്ട്.

✪✪✪

കൊൽക്കത്ത RG-കർ ആശുപത്രിയിലെ ബലാത്സംഗ-കൊലപാതക കേസിൽ അന്വേഷണം പൂർത്തിയാക്കാൻ നാലാഴ്ച സമയം വേണമെന്ന CBI യുടെ ആവശ്യം കൊൽക്കത്ത ഹൈക്കോടതി തള്ളി. മൂന്നാഴ്ചയ്ക്കകം അന്വേഷണം പൂർത്തിയാക്കാൻ കോടതി ഉത്തരവിട്ടു.

✪✪✪

ടൂറിസം മേഖലയ്ക്ക് ഒക്ടോബറോടെ വ്യവസായ പദവി നൽകുമെന്ന് മന്ത്രി PC വിഷ്ണുനാഥ് പറഞ്ഞു. മേഖലയുടെ ദീർഘകാല ആവശ്യം പരിഗണിച്ചും, ഘടനാപരമായ പരിഷ്കരണത്തിന്റെ ഭാഗമായുമായാണ് പദവി നൽകുന്നതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പദവി നൽകുന്നതിന് കരട് നിർദേശം തയ്യാറാക്കിയിട്ടുണ്ട്. മേഖലയിലെ വിവിധ വിഭാഗങ്ങളുമായി കൂടിയാലോചനകൾ പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

തൃശൂരിലെ ഓണാഘോഷങ്ങൾക്ക് സമാപനം കുറിച്ച് ഇന്ന് തൃശൂരിൽ പുലിക്കളി. ഇത്തവണ 9 പുലിക്കളി സംഘങ്ങളാണ് മത്സര രംഗത്തുള്ളത്. വൈകിട്ട് ബിനി ജംഗ്ഷനിൽ മന്ത്രി O.J ജനീഷ് പുലിക്കളി ഫ്ലാഗ് ഓഫ് ചെയ്യും.

പുലിക്കളിയോട് അനുബന്ധിച്ച് തൃശൂർ താലൂക്ക് പരിധിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവണ്മെന്റ് ഓഫീസുകൾക്കും ഉച്ചകഴിഞ്ഞ് പ്രാദേശിക അവധി പ്രഖ്യാപിച്ചു.

✪✪✪

ചരിത്രപ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി ജലോത്സവം നാളെ പമ്പാ നദിയിൽ നടത്തും. ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ജലോത്സവം ഉദ്ഘാടനം ചെയ്യും. 51 പള്ളിയോടങ്ങൾ ജലോത്സവത്തിൽ പങ്കെടുക്കും.

മന്ത്രിമാരായ രമേശ് ചെന്നിത്തല, മോൻസ് ജോസഫ് തുടങ്ങിയവർ പങ്കെടുക്കും. ജലോത്സവത്തിന് എത്തിച്ചേരുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് ഗ്രൗണ്ടുകൾ ക്രമീകരിച്ചതായി ആറന്മുള പോലീസ് അറിയിച്ചു.

✪✪✪

ഏഷ്യകപ്പ് വനിതാ ട്വന്റി -20 ക്രിക്കറ്റ് മത്സരങ്ങൾക്ക് ഇന്നലെ ദുബായിൽ തുടക്കമായി. ആദ്യമത്സരത്തിൽ തായ്‌ലന്റ്, ഹോങ്കോങ്ങിനെ ആറു വിക്കറ്റിനു പരാജയപ്പെടുത്തി.

നാളെ തായ്‌ലന്റിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം. ഇന്ത്യയും പാകിസ്ഥാനും ഹോങ്കോങ്ങിനും തായ്‌ലൻഡിനുമൊപ്പം ഗ്രൂപ്പ് A-യിലാണ് മത്സരിക്കുക.

✪✪✪

FIH വനിതാ ഹോക്കി ലോകകപ്പ് ഫൈനലിൽ ഇന്ന് അർജന്റീന നെതർലെൻഡ്സിനെ നേരിടും. രാത്രി ഏഴരക്ക് ആസ്റ്റൽവീനിലാണ് മത്സരം. സെമിയിൽ ബെൽജിയത്തെ ഒരു ഗോളിന് തകർത്താണ് നെതർലെൻഡ്സിന്റെ ഫൈനൽ പ്രവേശം. ഓസ്ട്രേലിയയെ തോൽപ്പിച്ചാണ് അർജന്റീന ഫൈനലിൽ എത്തിയത്.

✪✪✪

FIH പുരുഷ ഹോക്കി ലോകകപ്പിൽ ഇന്ത്യ ആതിഥേയരായ ബെൽജിയത്തോട് പരാജയപ്പെട്ടു. ബെൽഫിയസ് ഹോക്കി അരീനയിൽ 4-3 നാണ് ബെൽജിയത്തിന്റെ ജയം. പരാജയത്തോടെ ഇന്ത്യ ലോകകപ്പിൽ എട്ടാം സ്ഥാനത്ത് ഫിനിഷ് ചെയ്തു.

✪✪✪

കൊല്ലം കന്നേറ്റിക്കായലിൽ നടന്ന 86-ാമത് ശ്രീനാരായണ ട്രോഫി ജലോത്സവത്തിൽ പുന്യാളൻ നിരണം ചുണ്ടൻ ചാമ്പ്യന്മാരായി. നടുവിലപ്പറമ്പൻ രണ്ടാം സ്ഥാനത്തും, സെന്റ് പയസ് ടെൻത് മൂന്നാം സ്ഥാനത്തുമെത്തി.

✪✪✪

S.I ചമഞ്ഞ് MDMA വില്പന നടത്തിയ ഫറോക്ക് സ്വദേശി റോജിത്- നെ, കോഴിക്കോട് സിറ്റി ഡാൻസാഫും ഫറോക്ക് പോലീസും ചേർന്ന് പിടികൂടി. സിറ്റിയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് പൊലീസ് ചമഞ്ഞ് പണം അപഹരിക്കുന്നു എന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇയാൾ ഡാൻസാഫിന്റെ നിരീക്ഷണത്തിലായിരുന്നു.

ഇയാളിൽ നിന്നും വ്യാജ പൊലീസ് ID കാർഡുകളും, എയർ പിസ്റ്റൽ, ഹാന്റ് കഫ്, യൂണിഫോമിലുള്ള നിരവധി ഫോട്ടോകൾ എന്നിവ പൊലീസ് കണ്ടെടുത്തു.

✪✪✪

സർവകക്ഷി നേതൃത്വത്തിൽ ഗൂഡല്ലൂരിലെ പന്തല്ലൂർ താലൂക്കിൽ നടത്തിയ 48 മണിക്കൂർ ബന്ദ് അവസാനിച്ചു. വ്യാഴം രാവിലെ ആറിന് ആരംഭിച്ച ബന്ദ് ഇന്ന് രാവിലെയാണ് അവസാനിച്ചത്. ഗൂഡല്ലൂരിലെ നരഭോജി കടുവയെ വെടിവച്ച്

കൊല്ലുക, കടുവയുടെ ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തുക ഉയർത്തിനൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ബന്ദ്.

✪✪✪

സംരംഭകർക്കും, സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കുമായി അടുത്ത മാസം ഒന്നിന് കോഴിക്കോട്ട് സീക്കോൺ എന്ന പേരിൽ ബിസിനസ് സമ്മിറ്റ് സംഘടിപ്പിക്കും. മുഖ്യമന്ത്രി V.D സതീശൻ സമ്മിറ്റ് ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അബ്ദുൽ കബീർ*
*News Team: രജിന കെ*
*DEO: ഷീബ*